(ഡി)

പദ്ധതി	2015-16 (ലക്ഷം)	
	ഫണ്ട്നൽകിയവ	ചെലവഴിച്ചവ
സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി	1300	1219.65
സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം	120	46
ജനനി ജന്മരക്ഷാ പദ്ധതി	655	609.7

ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ

194(2239) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസം സുഗമമാക്കുന്നതിനും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെ കുറിച്ച് എന്തെങ്കിലും പഠനം നടത്തിയതിനുശേഷമാണോ പ്രഖ്യാപനം നടത്തിയത് ; വിശദാംശം വ്യക്തമാക്കാമോ;

(സി) എങ്കിൽ ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് സാദ്ധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആധുനിക വിദ്യാഭ്യാസ രീതിയും ഗോത്രവർഗ്ഗ സംസ്കൃതിയും തമ്മിലുള്ള അന്തരം കാരണം ചില ആദിവാസി കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ഇതുസംബന്ധിച്ച പഠനം നടത്തി വകുപ്പ് ഉരുകുലം എന്ന വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുത്തത്. ലോക പ്രശസ്തി

LIBRARY ARCHIVES Kerala Legislative Assembly

നേടിയ ഒഡീഷയിലെ ഭുവനേശ്വറിൽ പ്രവർത്തിക്കുന്ന കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ മാതൃകയിൽ നഴ്സറിതലം മുതൽ ബിരുദാനന്തര ബിരുദം വരെ ഒരു കുടക്കീഴിൽ പൂർണ്ണമായി റസിഡൻഷ്യൽ രീതിയിൽ നടത്തുന്നതിന് അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഗോത്രസംസ്കാരവും പൈതൃകഭാഷയും നൈപുണ്യ വികസനത്തോടൊപ്പം കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള മക്കിമലയിലാണ് ഇതുസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ പ്രീ-പ്രൈമറി തലം 2016-17 അധ്യയന വർഷം ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

ആശിക്കും ഭൂമി പദ്ധതി മറവിലെ ഭൂമി ഇടപാട്

195(2240) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആശിക്കും ഭൂമി' പദ്ധതി അനുസരിച്ച് ആദിവാസികൾക്കായി വയനാടിന് അനുവദിച്ച 70 കോടിയോളം രൂപ ബിനാമികളുടെ കയ്യിലേയ്ക്ക് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(സി) വയനാട്ടിലെ പുൽപ്പള്ളി പാടിച്ചിറ വില്ലേജിൽ നടന്ന ഭൂമി ഇടപാടിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ ഭൂമി ഇടപാടിനെക്കുറിച്ച് അന്വേഷണം നടത്തുന്നതിനായി ജില്ലാ കളക്ടറോ മറ്റ് ഉയർന്ന റവന്യൂ ഉദ്യോഗസ്ഥരോ സ്ഥലപരിശോധനയ്ക്ക് പോയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly